Page 1 of 2

ശ്രീ. എ. സി. ജോസ്: ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതായത് ഏത് വകുപ്പുപ്രകാരമാണ് പ്രതിപക്ഷനേതാവ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത് എന്ന്. അതിന് റൂളിംഗ് കിട്ടിയിട്ടില്ല.........

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിന് ചെയറിൽനിന്നും റൂളിംഗ് നൽകും. ബഹുമാനപ്പെട്ട അംഗങ്ങൾ ഇങ്ങനെ ............. ........................

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിയമസഭാ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായി ഒരു ബിസിനസ് ട്രാൻസാക്ഷൻ നടക്കുന്നുവെങ്കിൽ ഏത് ചട്ടത്തിന് വിരുദ്ധമായിട്ടാണ് പ്രൊസീഡ്യുവർ നീങ്ങുന്നത് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടുമാത്രമേ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവൂ എന്നുള്ള നിയമം ഇരിക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഈ നടപടി ഏത് നിയമത്തിന് വിരുദ്ധമായി നീങ്ങുന്നുവെന്ന് റലവന്റ് ആയ പ്രൊവിഷൻ ചൂണ്ടിക്കാണിക്കാനുള്ള ബാദ്ധ്യതയില്ലേ?

അങ്ങനെ ചൂണ്ടിക്കാണിക്കാതെ ഇത്തരം ഒരു പ്രസ്താവന ചെയ്യുന്നത് ശരിയാണോ?... .......... ..(ബഹളം). ........

ശ്രീ. കെ. കരുണാകരൻ: അത് ഞാൻ ചൂണ്ടിക്കാണിക്കാം..(ബഹളം).

ശ്രീ. എ. സി. ജോസ്: ഞാൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിന് റൂളിംഗ് വേണം. അത് നൽകാതെ ബഹുമാനപ്പെട്ട ചെയർ അടുത്ത നടപടികളിലേക്ക് കടക്കരുത്.

ശ്രീ. ടി. എം. ജേക്കബ്: സർ, നിയമസഭാനടപടിച്ചട്ടം 303 അനുസരിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുള്ളത്. 303-ാം വകുപ്പ് വ്യക്തമായി പറയുന്നുണ്ട്......... ..

ശ്രീ. കെ. കരുണാകരൻ: ഏത് അടിസ്ഥാനത്തിലാണെന്ന് ഞാൻ പറയാം....................(ബഹളം)..................

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. കരുണാകരൻ ഒരു പോയിന്റ് ഓഫ് ആർഡർ ഉന്നയിച്ചിരിക്കുകയാണ്. അതിന് മറുപടി പറയാതെ മറ്റൊരു പോയിന്റ് ഓഫ് ഓർഡറിലേക്ക് കടക്കുന്നത് ആർഡറിൽ ആണോ? (ബഹളം)

മി. സ്പീക്കർ: ശ്രീ. എ. സി. ജോസ് ഉന്നയിച്ച ഒരു ക്രമപ്രശ്നം ഉണ്ട്. ശ്രീ. കരുണാകരൻ ഏത് അടിസ്ഥാനത്തിലാണ് നടപടിക്രമത്തെ കുറിച്ച് ആക്ഷേപം ഉന്നയിച്ചതെന്ന്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടപ്പോൾതന്നെ ചെയറിൽനിന്ന് അഭിപ്രായം പറഞ്ഞു. അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് ഇവിടെ കിട്ടിയ നോട്ടീസിനെക്കുറിച്ച് പരാമർശനം നടത്തി. അത് പൂർത്തിയാക്കിയിട്ടുപോലുമില്ല. അത് കഴിഞ്ഞിട്ട് ആക്ഷേപം ഉന്നയിക്കാമായിരുന്നു. കഴിഞ്ഞ നിയമസഭ പര്യവസാനിച്ചതിനുശേഷം ഇന്ന് ചർച്ചക്ക് എടുക്കണമെന്ന് പറയുന്ന പ്രത്യേക പ്രശ്നത്തെക്കുറിച്ച് അദ്ദേഹം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നു. അദ്ദേഹം സബ്മിഷൻ രൂപത്തിലാണ് ഉന്നയിച്ചത്. അതേക്കുറിച്ച് ചെയറിൽനിന്നും പറയാനുള്ളത് പറയാം. ഏത് ചട്ട

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും ഈ സഭയിലെ അംഗങ്ങൾക്ക് നടപടിക്രമങ്ങളെക്കുറിച്ച് സംശയം ചോദിക്കാനും ഉന്നയിക്കാനുമുള്ള അവകാശമുണ്ട്. അത് സബ്മിഷൻ രൂപത്തിൽ ഉന്നയിക്കാം. അതിനെ ആദരിച്ചുകൊണ്ടാണ് ശ്രീ. കരുണാകരൻ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കേട്ടത്. ശ്രീ. കരുണാകരൻ ഉന്നയിച്ച പ്രശ്നം ഇപ്പോൾ പ്രസക്തമല്ല എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കാനാഗ്രഹിക്കുകയാണ്. (ബഹളം) എല്ലാ അംഗങ്ങളേയും തൃപ്തിപ്പെടുത്തണമെന്നുതന്നെയാണ് ചെയറിന്റെ ആഗ്രഹം. കഴിഞ്ഞ 130 ദിവസത്തിനുമുമ്പ് സമാപിച്ച സമ്മേളനം ചില കാര്യങ്ങളൊക്കെ ചർച്ചചെയ്ത് പൂർത്തിയാക്കി. അതിനുശേഷം ഇപ്പോൾ വീണ്ടും ചേരുന്ന സമ്മേളനത്തിൽ ആ കാര്യങ്ങളൊക്കെ തുടർന്നുകൊണ്ടുപോകുന്ന നടപടിക്രമം നമ്മുടെ നിയമസഭയിൽ ഇല്ല. (ബഹളം) അന്നത്തെ സഭയിൽ ഉന്നയിച്ചിരുന്ന എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: രണ്ടുമണിക്കൂർ ചർച്ച അനുവദിച്ചതാണ്. അത് പൂർത്തിയാക്കിയിട്ടില്ല.

ശ്രീ. എ. സി. ജോസ്: എന്റെ പോയിന്റ് ഓഫ് ഓർഡറിന് മറുപടി കിട്ടിയില്ല. (ബഹളം)..............

ശ്രീ. ഇ. അഹമ്മദ്: ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറോ മുഖ്യമന്ത്രിയോ നൽകുന്ന അഷ്വറൻസ് ഇത്ര ദിവസം മാത്രമേ നിലവിലുള്ളു. ഇത്ര ദിവസം കഴിഞ്ഞാൽ ആ അഷ്വറൻസിന് വിലയില്ല എന്നാണോ? ബഹുമാനപ്പെട്ട സ്പീക്കർ ..........(ബഹളം) ജൂലൈ 31-ാം തീയതിയിലെ പ്രൊസീഡിംഗ്സിൽ അങ്ങ് പറഞ്ഞ............

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറയുകയായിരുന്നു. കഴിഞ്ഞ നിയമസഭാസമ്മേളനത്തിന്റെ അവസാനദിവസം അന്ന് ചെയറിൽനിന്ന് നിർദ്ദേശിച്ചതനുസരിച്ച് ബഹുമാനപ്പെട്ട സഭാനേതാവ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലുമെല്ലാം ഏർപ്പെടുത്തിയ ബിസിനസ് പൂർത്തിയാക്കിക്കൊണ്ടാണ് സഭ പിരിഞ്ഞത്. (ബഹളം)

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: അന്ന് ചർച്ച പൂർത്തിയാക്കി എന്ന് ഞങ്ങൾ സമ്മതിക്കുന്നില്ല. (ബഹളം)

ശ്രീ. ഇ. അഹമ്മദ്: അന്നത്തെ പ്രൊസീഡിംഗ്സ് എടുത്തുനോക്കിയാൽ അറിയാം. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് രണ്ടുമണിക്കൂർ ചർച്ചചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. (ബഹളം) ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ അഷ്വറൻസ് അനുസരിച്ച്................

ശ്രീ. ടി. എം. ജേക്കബ്: 31-ാം തീയതിയിലെ നടപടി ക്രമത്തിൽ ഞങ്ങൾതന്ന നോട്ടീസ് അനുസരിച്ച് അടിയന്തിരപ്രമേയം ചർച്ചചെയ്യാമെന്ന് പറഞ്ഞിരുന്നു. അത് മാനിക്കാതെ............

മി. സ്പീക്കർ: കഴിഞ്ഞ സമ്മേളനത്തിന്റെ അവസാനദിവസം ഈ സഭയിൽ നടന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്നായിട്ട് അറിയാവുന്നതാണ്. റൂൾ 50 അനുസരിച്ചുള്ള നോട്ടീസിനെ സംബന്ധിച്ചും മറ്റ് കാര്യങ്ങളെ സംബന്ധിച്ചും ചെയറിൽനിന്ന് ചില റൂളിങ്ങ്

LIBRARY ARCHIVES Kerala Legislative Assembly